**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 121** | **26.02.2018-ൽ മറുപടിക്ക്** |
|---|---|

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളിൽ പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത പദ്ധതി തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഇതു സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കാൻ വേണ്ടി പുതിയ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. പരേഡ്, പി.റ്റി എന്നിവ നടത്തുന്നതിന് വേണ്ട സ്ഥലസൗകര്യമുള്ള ഗ്രൗണ്ട് പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളിന് ഉണ്ടായിരിക്കണം
2. ഒരു സ്കൂളിൽ എസ് പി സി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയോട് താല്പര്യമുള്ള ഒരു കമ്മ്യൂണിറ്റി പോലീസ് ഓഫീസറും ഒരു അഡീ. കമ്മ്യൂണിറ്റി പോലീസ് ഓഫീസറും ഉണ്ടായിരിക്കണം.ഇതിൽ ഒരാൾ വനിത ആയിരിക്കണം. എസ്. പി. സി. സംബന്ധമായ സംസ്ഥാനതലത്തിലും സ്കൂൾ തലത്തിലും നടക്കുന്ന പദ്ധതി പ്രവർത്തനങ്ങളിൽ ടി അധ്യാപകർ പങ്കെടുക്കാൻ സന്നദ്ധരായിരിക്കണം. ടി അധ്യാപകരെ അധിക ചുമലതകളിൽ നിന്ന് അതാത് ഹെഡ്മാസ്റ്റർ/ ഹെഡ്മിട്രസ് ഒഴിവാക്കി കൊടുക്കേണ്ടതാണ്.
3. എസ്.പി.സി പദ്ധതി ഏർപ്പെടുത്തുന്ന സ്കൂളുകളിൽ എട്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം നൂറിൽ കുറയാതെ ഉണ്ടായിരിക്കണം (എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്ട്, ഗൈഡ്സ് മുതലായവ ഇല്ലാത്ത സ്കൂളുകളിൽ).
4. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്
5. അൺ എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി പദ്ധതി തുടങ്ങുന്നതിനുള്ള അംഗീകാരം നൽകുന്നതിന് മുൻപ് ടി സ്കൂളുകളിലെ സി.പി.ഒ /എ.സി.പി.ഒ (അധ്യാപകർ) എന്നിവരെ അഞ്ച് വർഷത്തേക്ക് സ്ഥലം മാറ്റുവാൻ പാടില്ലയെന്നും , കൂടാതെ എസ്.പി.സി പ്രവർത്തനകലണ്ടർ പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളിലും ടി അധ്യാപകർക്ക് പങ്കെടുക്കാൻ അതാത് സ്കൂളുകളിലെ മാനേജ്മെന്റ്/ ഹെഡ്മിസ്ട്രസ്/ഹെഡ്മാസ്ട്രർ വേണ്ട ശ്രദ്ധ ചെലുത്തുമെന്നും കേഡറ്റുകൾക്ക് നൽകേണ്ട ലഘുഭക്ഷണം കൃത്യമായി നൽകുമെന്നും സമ്മതപത്രം എഴുതി വാങ്ങേണ്ടതാണ്
6. അൺ എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ്/ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് എന്നിവരുടെ നിസീമമായ സഹകരണം എസ്.പി.സി പദ്ധതി നടത്തുന്നതിനുണ്ടായിരിക്കണം.
7. സജീവമായതും സേവനപാരമ്പര്യവുമുള്ള അദ്ധ്യാപക-രക്ഷകർത്ത്യ സമിതി ഉണ്ടായിരിക്കണം. ഇതിന്റെ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടുള്ള ഒരു സമ്മതപത്രം ഉണ്ടായിരിക്കണം.
8. അത്യാവശ്യ ഫർണിച്ചർ ഉൾപ്പെടെ എസ്.പി.സി ഓഫീസ് ഉണ്ടായിരിക്കണം.
9. കേഡറ്റുകൾക്ക് വസ്ത്രം മാറാൻ പ്രത്യേകസ്ഥലം ഉണ്ടായിരിക്കണം.
10. പദ്ധതി അനുവദിച്ചാലുടൻ സ്കൂളിന് മുന്നിൽ എസ്.പി.സി. ബോർഡ് സ്ഥാപിക്കേണ്ടതാണ്.
11. രണ്ട് മാസത്തിൽ ഒരിക്കൽ സ്കൂൾ തല ഉപദേശകസമിതി യോഗവും രക്ഷകർത്താക്കളുടെ യോഗവും കൂടുന്നതിന് സന്നദ്ധരായിരിക്കണം.
12. കമ്മ്യൂണിക്കേഷൻ/റിപ്പോർട്ടുകൾ അറ്റൻഡൻസ് മുതലായവ സമയബന്ധിതമായി നൽകാൻ ബാദ്ധ്യസ്ഥരായിരിക്കണം.